**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2834** **06-10-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല സാനിറ്റേഷൻ സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല ശുചീകരണത്തിനായി രൂപീകരിച്ച ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും തുല്യ വിഹിതം ചെലവിടണമെന്ന വ്യവസ്ഥ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് ദേവസ്വം ബോർഡും സർക്കാരും തുല്യ വിഹിതം ചെലവിടണമെന്ന വ്യവസ്ഥയില്ല. 04/04/2023-ന് ചേർന്ന ശബരിമല അവലോകന യോഗത്തിൽ വിശുദ്ധി സേനാംഗങ്ങൾക്ക് വേതനം നൽകുന്നതിനാവശ്യമായ തുക തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അനുവദിക്കണമെന്ന് തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് 2023-24 തീർത്ഥാടന കാലം മുതൽ ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി, പന്തളം, കുളനട എന്നിവിടങ്ങളിൽ നിയോഗിക്കുന്ന വിശുദ്ധി സേന അംഗങ്ങളുടെ വേതനം, യാത്രാബത്ത, വിശുദ്ധി സേന അംഗങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവ് മുതലായ ഇനങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നാണ് ഫണ്ട് അനുവദിച്ച് വരുന്നത്. എന്നാൽ വലിയാനവട്ടം മുതൽ അഴുതക്കടവ് വരെയുള്ള പത്തനംതിട്ട ജില്ലയിലെ പരമ്പരാഗത കാനനപാതയിലെ ശുചീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ളാഹ മുതൽ പമ്പ വരെയുള്ള പാതയിലെ ശുചീകരണ പ്രവർത്തനങ്ങൾ, സേഫ് ശബരിമല പദ്ധതി, സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കും സ്ക്വാഡ് പ്രവർത്തനങ്ങൾക്കുമുള്ള വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവുകൾ, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നുമാണ് ഫണ്ട് അനുവദിച്ച് വരുന്നത്.<br><br>മേൽ പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും ദേവസ്വം ബോർഡിൽ നിന്നും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് തുക അനുവദിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനത്തിന്റെ മുഴുവൻ ബാധ്യതയും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ? | (ബി) | ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് ദേവസ്വം ബോർഡും സർക്കാരും തുല്യ വിഹിതം ചെലവിടണമെന്ന വ്യവസ്ഥയില്ല. 04/04/2023-ന് ചേർന്ന ശബരിമല അവലോകന യോഗത്തിൽ വിശുദ്ധി സേനാംഗങ്ങൾക്ക് വേതനം നൽകുന്നതിനാവശ്യമായ തുക തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അനുവദിക്കണമെന്ന് തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് 2023-24 തീർത്ഥാടന കാലം മുതൽ ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി, പന്തളം, കുളനട എന്നിവിടങ്ങളിൽ നിയോഗിക്കുന്ന വിശുദ്ധി സേന അംഗങ്ങളുടെ വേതനം, യാത്രാബത്ത, വിശുദ്ധി സേന അംഗങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവ് മുതലായ ഇനങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നാണ് ഫണ്ട് അനുവദിച്ച് വരുന്നത്. എന്നാൽ വലിയാനവട്ടം മുതൽ അഴുതക്കടവ് വരെയുള്ള പത്തനംതിട്ട ജില്ലയിലെ പരമ്പരാഗത കാനനപാതയിലെ ശുചീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ളാഹ മുതൽ പമ്പ വരെയുള്ള പാതയിലെ ശുചീകരണ പ്രവർത്തനങ്ങൾ, സേഫ് ശബരിമല പദ്ധതി, സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കും സ്ക്വാഡ് പ്രവർത്തനങ്ങൾക്കുമുള്ള വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവുകൾ, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നുമാണ് ഫണ്ട് അനുവദിച്ച് വരുന്നത്.<br><br>മേൽ പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും ദേവസ്വം ബോർഡിൽ നിന്നും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് തുക അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ